# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **6864**

13/07/2012 - ൽ മറുപടിയ്ക്ക്

### ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആയുർവ്വേദ ഔഷധ നിർമ്മാണത്തിന് ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം വലിയ പ്രതിസന്ധിയുളവാക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഔഷധ സസ്യങ്ങളുടെ സംരക്ഷണവും കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഔഷധ സസ്യബോർഡിന്റെ പ്രവർത്തനവും നിഷ്ക്രിയമായതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 2008 മാർച്ച് മുതൽ ദേശീയ ഔഷധസസ്യ ബോർഡിന്റെ നിബന്ധനകൾ അനുസരിച്ച് ഔഷധ സസ്യകൃഷിയും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാന ങ്ങളിൽ നടപ്പിലാക്കിവരുന്നത് അതാത് സംസ്ഥാനങ്ങളിലെ ഹോർട്ടിക്കൾച്ചർ മിഷനാണ്. നമ്മുടെ സംസ്ഥാനത്തും ഔഷധ സസ്യകൃഷിക്കുള്ള സാമ്പത്തിക സഹായം 2008 മുതൽ ലഭ്യമാക്കുന്നത് നിലവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ്. എന്നാൽ മറ്റ് പരിപോഷണ പ്രവർത്തനങ്ങളായ ഗവേഷണം, ബോധവൽക്കരണം, സംരക്ഷണം, ഔഷധോദ്യാന ങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംസ്ഥാന ഔഷധ സസ്യ ബോർഡാണ്. ഔഷധ സസ്യ ബോർഡിൽ നിലവിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ ഔഷധ സസ്യബോർഡിന്റെ കീഴിൽ നന്നായി നടന്നു വരുന്നുണ്ട്. ബോർഡിന്റെ പ്രവർത്തനം നിഷ്ക്രിയമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഔഷധ സസ്യങ്ങളുടെ വംശനാശം തടയുന്നതിനും ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | ഔഷധ സസ്യങ്ങളുടെ സംരക്ഷണം, കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒമ്പത് വർഷങ്ങളിലായി ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടെ വിവിധങ്ങളായ പദ്ധതികളിൽക്കൂടി സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കിയി ട്ടുണ്ട്. കൃഷി, സംരക്ഷണം എന്നീ മേഖലകളിൽ വംശനാശം നേരിടുന്ന ഔഷധ സസ്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. |
| (ഡി) | ഇതിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ലഭിക്കുന്നുണ്ട്. 2002 മുതൽ 2008 വരെ കർഷകർക്ക് 625 ഹെക്ടറിൽ ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി 150 ലക്ഷം രൂപയും സംസ്ഥാന വനം വകുപ്പിന് 2008-09 സാമ്പത്തിക വർഷത്തിൽ 700 ഹെക്ടറിൽ ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി 554 ലക്ഷം രൂപയും സംസ്ഥാന വനം വികസന കോർപ്പറേഷന് 300 ഹെക്ടറിൽ ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുന്നതി നായി 100 ലക്ഷം രൂപയും അനുവദിച്ചി ട്ടുണ്ട്. കൂടാതെ 2011-12 സാമ്പത്തികവർഷം ഔഷധ സസ്യ സംരക്ഷണം, കൃഷി എന്നിവ നടപ്പിലാക്കുന്ന തിനായി വനംവകുപ്പിന് 7 കോടി രൂപയും വിയ്യൂർ സെൻട്രൽ ജയിലിന് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് സംസ്ഥാന ഹോൾട്ടികൾച്ചർ മിഷന് 2008-09- ൽ 238.67 ലക്ഷം രൂപയും, 2009-10- ൽ 131.25 ലക്ഷം രൂപയും, 2010-11- ൽ 96.14 ലക്ഷം രൂപയും, 2011-12- ൽ 224.8 ലക്ഷം രൂപയും, 2012-13- ൽ 280.56 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം പൊതുമേഖലയിൽ നഴ്സറി സ്ഥാപിക്കുന്ന തിനായി 48 ലക്ഷം രൂപയും വാണിജ്യ അടിസ്ഥാനത്തിൽ ക്ലസ്റ്റർ മുഖാന്തിരം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 219.15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ